www.landwaynews.com
LANDWAY
BRINGING YOU CLOSER TO GOD
ലാൻഡ്‌വേ NEWS
Kerala Edition
13 ആഗസ്റ്റ് August 2021
സത്യം സമത്വം സാഹോദര്യം
Volume No.1 • Issue No.225 Yearly Subscription: INR = 730/- • Published From Pathanamthitta • Mail: landwaynews@gmail.com • Head Office: +91 9447440441

## സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കുള്ള
# ഭക്ഷ്യകിറ്റ് വിതരണം ആരംഭിച്ചു

സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷ്യകിറ്റ് വിതരണം ആരംഭിച്ചു. 29 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. പാഠ്യപദ്ധതി പരിഷ്കരണം ലളിതവും സമഗ്രവുമാകുമെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു.

പ്രീപ്രൈമറി മുതൽ എട്ടാം ക്ലാസ് വരെയുള്ള 29,52,919 വിദ്യാർഥികൾക്കാണ് ഉച്ചഭക്ഷണ പദ്ധതിയുടെ പ്രയോജനം ലഭിക്കുക.

ഇതോടൊപ്പം സംസ്ഥാനത്തെ 43 സ്പെഷ്യൽ വിദ്യാലയങ്ങളിലെ എട്ടാം ക്ലാസ് വരെയുള്ള കാഴ്ച, കേൾവി പരിമിതികളുള്ള ഭിന്നശേഷി കുട്ടികൾക്കും ഭക്ഷ്യഭദ്രതാ അലവൻസ് ലഭിക്കുമെന്നും മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു. അതേസമയം, പ്രീപ്രൈമറി, പ്രൈമറി വിഭാഗം സ്കൂൾ കുട്ടികൾക്ക് യഥാക്രമം രണ്ട് കിലോഗ്രാം, ആറു കിലോഗ്രാം എന്നിങ്ങനെയാണ് ഭക്ഷ്യധാന്യം വിതരണം ചെയ്യുക. അതോടൊപ്പം ഈ രണ്ടു വിഭാഗങ്ങൾക്കും 497 രൂപയ്ക്കുള്ള ഭക്ഷ്യസാധനങ്ങൾ അടങ്ങിയ ഭക്ഷ്യകിറ്റുകളും വിതരണം ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അപ്പർ പ്രൈമറി വിഭാഗം കുട്ടികൾക്ക് പത്തു കിലോഗ്രാം അരിയും 782.25 രൂപയ്ക്കുള്ള ഭക്ഷണസാധനങ്ങൾ ഉൾപ്പെടുത്തിയ കിറ്റാണ് നൽകുന്നത്. ആകെ 8 ഇന സാധങ്ങളാണ് കിറ്റിലുണ്ടാവുക. ആഴത്തിലുള്ള താങ്ങാവുന്ന പാഠ്യപദ്ധതിയാകും പുതിയതെന്നും മന്ത്രി പറഞ്ഞു. landwaynews.com

## യുഎഇയിലേക്കുള്ള യാത്രക്കാർക്ക് അറിയിപ്പുമായി
# എയർ ഇന്ത്യ എക്സ്പ്രസ്




യു.എ.ഇയിലേക്ക് പറക്കുന്നവർക്കായി പ്രത്യേക അറിയിപ്പുമായി എയർ ഇന്ത്യ എക്സ്പ്രസ്. പുതിയ നിബന്ധനകളുടെ പശ്ചാത്തലത്തിൽ യുഎഇയിലേക്ക് യാത്ര ചെയ്യുന്നവർ വിമാനം പുറപ്പെടുന്ന സമയത്തിന് ആറ് മണിക്കൂർ മുമ്പ് എയർപോർട്ടിൽ എത്തണമെന്നാണ് അധികൃതർ നൽകുന്ന അറിയിപ്പ്.

യുഎഇയിലേക്കുള്ള പ്രവേശന നിബന്ധനകളിൽ വിമാനം പുറപ്പെടുന്നതിന് നാല് മണിക്കൂറിനിടെയുള്ള റാപ്പിഡ് പി.സി.ആർ പരിശോധന നിർബന്ധമാണ്. ഇതിനായുള്ള ടെസ്റ്റ് കൗണ്ടറുകൾ വിമാനം പുറപ്പെടുന്നതിന് നാല് മണിക്കൂർ മുമ്പ് പ്രവർത്തന സജ്ജമാകും.

## ചെങ്കൽപ്പെട്ടിലെ മമ്മൂട്ടിയുടെ ഭൂമി പിടിച്ചെടുക്കാനുള്ള സിഎൽഎയുടെ നീക്കം
### മദ്രാസ് ഹൈക്കോടതി തടഞ്ഞു

**ചെന്നൈ:** നടൻ മമ്മൂട്ടിയുടെ ഉടമസ്ഥതയിൽ ചെങ്കൽപ്പെട്ട് കറുകഴിപ്പള്ളം ഗ്രാമത്തിലുള്ള 40 ഏക്കർ പിടിച്ചെടുക്കാനുള്ള കമ്മിഷണർ ഓഫ് ലാൻഡ് അഡ്മിനിസ്ട്രേഷൻ നീക്കത്തിന് തിരിച്ചടി. landwaynews.com

സിഎൽഎയുടെ നീക്കം മദ്രാസ് ഹൈക്കോടതി തടഞ്ഞിരിക്കുകയാണ്. കപാലി പിള്ള എന്നയാളിൽ നിന്നു മമ്മൂട്ടി വാങ്ങിയ ഭൂമിയാണിത്. എന്നാൽ, 1882 ലെ തമിഴ്നാട് വനനിയമത്തിനു കീഴിലുള്ള ചതുപ്പു നിലമാണെന്നും സംരക്ഷിത വനമായി നിലനിർത്തണമെന്നുമാണ് സിഎൽഎ ഉത്തരവിട്ടത്. ഇതിനെതിരെ മമ്മൂട്ടി കോടതിയെ സമീപിക്കുകയായിരുന്നു.


കപാലി പിള്ളയുടെ മക്കൾ ഭൂമിയിടപാട് റദ്ദു ചെയ്യുകയും പിന്നാലെ പട്ടയം സിഎൽഎ റദ്ദാക്കുകയും ചെയ്തിരുന്നു. ഇതി



നെതിരെ മമ്മൂട്ടി 2007ൽ ഹൈക്കോടതിയുടെ അനുകൂല ഉത്തരവു നേടുകയും ചെയ്തിരുന്നു. എന്നാൽ, അന്നത്തെ ഉത്തരവ് സ്വമേധയാ പുനഃപരിശോധിച്ച് ഭൂമി പിടിച്ചെടുക്കാൻ 4 മാസം മുൻപു സിഎൽഎ നീക്കം തുടങ്ങിയതോടെയാണു കേസ് വീണ്ടും ഹൈക്കോടതിയിലെത്തിയത്.

കോടതിയുടെ പുതിയ ഉത്തരവനുസരിച്ച് ഇനി ഒരു ഉത്തരവുണ്ടാകുന്നതു വരെ ഹർജിക്കാർക്കെതിരെ നടപടി പാടില്ലെന്നും നിർദേശിച്ചിട്ടുണ്ട്.

## മുൻ കേരള ടെന്നിസ് താരം തൻവി ഭട് ദുബൈയിൽ മരിച്ച നിലയിൽ



**മുൻ** കേരള ടെന്നിസ് താരം തൻവി ഭടിനെ(21) ദുബൈയിൽ മരിച്ച നിലയിൽ കണ്ടെത്തി. ആത്മഹത്യയാണെന്ന് സംശയിക്കുന്നതായി അടുത്ത ബന്ധുക്കൾ പറഞ്ഞു. എറണാകുളം എളമക്കര സ്വദേശിനിയായ തൻവി ഭട് 2012ൽ ദോഹയിൽ നടന്ന അൻഡർ 14 ഏഷ്യൻ സീരീസിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയിരുന്നു. നിരവധി ദേശീയ, സംസ്ഥാന ചാമ്ബ്യൻഷിപുകളിൽ സ്വർണം നേടുകയും ചെയ്തിട്ടുണ്ട്. landwaynews.com

## ഡോക്ടർമാർക്കെതിരായ അതിക്രമങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടില്ല:
### മന്ത്രി വീണ ജോർജ്



**സം**സ്ഥാനത്ത് ഡോക്ടർമാർക്കെതിരായ നിരന്തര അതിക്രമങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്ന് ആരോഗ്യ മന്ത്രി വീണ ജോർജ്.

നിയമസഭയിൽ മാത്യു കുഴൽനാടന്റെ ചോദ്യത്തിനുള്ള മറുപടിയിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. അതിക്രമങ്ങൾ തടയാൻ നിലവിലെ നിയമങ്ങൾ പര്യാപ്തമാണ്.

ഡോക്ടർമാർക്കും ആരോഗ്യ പ്രവർത്തകർക്കുമെതിരായ അതിക്രമം തടയാൻ ജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും മന്ത്രി പറഞ്ഞു. landwaynews.com



EDITORIAL BOARD
CHIEF EDITOR:
Dr. Santhosh Pandalam,
EDITORS:
Sherly Santhosh,
Dr. Jipson Lawrance,
(Delhi Edition)
Sub Editors
Joy Varghese Elanthoor,
Rajesh John,
Stanly Kizhakkedath
Associate Editors:
Shiju John Samuel,
Pratheep Thomas,
ADVERTISING AND CIRCULATION
Dr. Jess Paul,
MEDIA TECHNICIAN'S HEAD
Evg. Josin Samuel,
SOCIAL MEDIA INFLUENCER
Tengsy Thomas,

ADVISORY BOARD:
Godwin Y. D • Shibu Paippad •
Mohan George •
Shibu Mullamkattil •
Thomas Palakkuzhy •
Jacob Kottarakkara •
Fr. Dicruz Kandamangalam,

LEGAL ADVISOR
Adv. S. Pramod, NTA

REPORTERS:
UAE Coordinator & Reporter
Duglas Joseph
USA Coordinator & Reporter
Sajan George (USA), Philedelphia
Avinash Thankachan (USA)
Biju Daniel (Southampton, UK)
Daniel Eppachan (AUSTRALIA)
Das P. Vilakudy (SHARJAH)
Siby George (DUBAI)
Sheena Sonu (ABUDHABI)
Bose B Varghese (BAHRAIN)
Jobin Gilgal (KUWAIT)
Simon John Mathew (Alappuzha)
REPORTING AND MARKETING
Sunil Pathanapuram

Our Address:
LANDWAY NEWS,
Post Box No: 1,
Pandalam P.O.,
Pathanamthitta Dist,
Kerala, India.
Pin: 689501.
Phone: +91 9447440441,
email: landwaynews@gmail.com,
www.facebook.com/land-waynewspaper
www.landwaynews.com


Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

Yearly Subscription
INDIA: Rs. 730
USA: Dollars - 100
Canada: Dollars 120
UK: Pounds - 50
Gulf: Rs. 6000

വരിസംഖ്യ?
ലാൻഡ്‌വേ യുടെ വരിസംഖ്യകളും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India.

Bank Details
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

# സെസി സേവ്യറിന്റെ അറസ്റ്റ് ഈ മാസം 30 ലേക്ക് മാറ്റി



മതിയായ യോഗ്യത ഇല്ലാതെ കോടതിയിൽ അഭിഭാഷകയായി ആൾ മാറാട്ടം നടത്തിയ സെസി സേവ്യർ നൽകിയ മുൻകൂർ ജാമ്യാപേക്ഷ പരിഗണിയ്ക്കുന്നത് ഹൈക്കോടതി ഈ മാസം 30 ലേക്ക് മാറ്റി. ഈ ഹർജി പരിഗണിയ്ക്കും വരെ അറസ്റ്റ് തടയണമെന്ന പ്രതിയുടെ ആവശ്യം കോടതി തള്ളുകയും ചെയ്തു. വാദത്തിൽ തനിക്കെതിരായ വഞ്ചനാകുറ്റം നിലനിൽക്കില്ലെന്ന് സെസ്സി ചൂണ്ടിക്കാട്ടി. landwaynews.com

താൻ മനഃപൂർവം ആൾ മാറാട്ടം നടത്തിയിട്ടില്ലെന്നും സുഹൃത്തുക്കൾ തന്നെ വഞ്ചിക്കുകയായിരുന്നുവെന്നും സെസിയുടെ മുൻകൂർ ജാമ്യാപേക്ഷയിൽ നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു. വ്യാജമായി രേഖകൾ ചമച്ച് അഭിഭാഷകയായി ആലപ്പുഴ കോടതിയിൽ പ്രാക്ടീസ് ചെയ്തിരുന്ന യുവതിക്കെതിരെ പൊലീസ് കേസെടുത്തിട്ട് ഇപ്പോൾ തന്നെ ആഴ്ചകൾ പിന്നിട്ടു. കുട്ടനാട്ടിലെ രാമങ്കരി സ്വദേശിനിയാണ് സെസ്സി സേവ്യർ. ബാർ അസോസിയേഷൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലായിരുന്നു ആലപ്പുഴ നോർത്ത് പൊലീസ് കേസെടുത്തത്.

വിവാഹ പരസ്യം ഒരു ദിവസത്തേക്ക് കേവലം 200 രൂപ മാത്രം
മൊബൈൽ നമ്പർ +91 9447440441


HOUSE BOAT SERVICES
HOUSE BOAT SERVICES FROM C-MEDIA
WE ARRANGE LUXURY ,PREMIUM , NORMAL HOUSE BOATS (AC/NON AC) FOR YOUR BACK WATER TOURS. WE HAVE 1 TO 12 BEDROOM HOUSE BOATS WITH UPPER DECK, CONFERENCE HALL & HOMELY CONTINENTAL FOODS. AVAILABLE AT AFFORDABLE RATES (rates may be varying according to festive and holiday seasons) WE ALSO ARRANGE PARTIES AT HOUSE BOAT.
Call: 95 3 95 66 007

## വധുവിനെ വശ്യമുണ്ട്

പത്തനംതിട്ട ജില്ലയിലെ സമ്പത്തിക ഭദ്രതയുള്ള ഓർത്തഡോക്സ് കുടുംബത്തിൽ നിന്നും (ഏക മകൻ) ഒറ്റക്ക് പെന്തെക്കോസ്ത് വിശ്വാസത്തിൽ (38/180 cm) കമ്പ്യൂട്ടർ ഡിപ്ലോമ പഠിച്ച വരന് വിശ്വാസികളായ വധുവിന്റെ ബന്ധുമിത്രാധികളിൽ നിന്നും വിവാഹ ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. landwaynews.com
ഫോൺ: +91 9961276199

# എൻജിനീയറിങ് പ്രവേശന പരീക്ഷയ്ക്ക് ഹയർ സെക്കൻഡറി മാർക്ക് കൂടി പരിഗണിക്കാൻ സർക്കാർ തീരുമാനം

പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഹയർ സെക്കന്ററി മാർക്ക് കൂടി പരിഗണിക്കുന്ന മുൻ വർഷത്തെ മാനദണ്ഡങ്ങൾ തുടരാനാണ് സംസ്ഥാന സർക്കാരിന്റെ തീരുമാനം.

നിലവിൽ കീം പരീക്ഷയിൽ ലഭിക്കുന്ന മാർക്കിനൊപ്പം ഹയർ സെക്കൻഡറി പരീക്ഷയ്ക്ക് ലഭിക്കുന്ന മാർക്കും ചേർത്താണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. ഈ രീതി തന്നെ തുടരുമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. സിബിഎസ്ഇ, ഐസിഎസ്ഇ ബോർഡുകളും പരീക്ഷഫലം പ്രഖ്യാപിച്ച സാഹചര്യത്തിലാണ് തീരുമാനം. ഹയർ സെക്കൻഡറി മാർക്ക് ചേർക്കുന്നത് ഒഴിവാക്കാൻ നേരത്തെ ആലോചന ഉണ്ടായിരുന്നു.


## കൈക്കൂലി വാങ്ങവേ എസ്ഐ വിജിലൻസ് പിടിയിൽ

**കോട്ടയം:** ജില്ലയിലെ കടുത്തുരുത്തി സ്റ്റേഷനിലെ ഗ്രേഡ് എസ്ഐ അനിൽകുമാർ ആണ് വിജിലൻസിന്റെ പിടിയിലായത്.

ഒരു ഗാർഹിക പീഡന കേസിൽ ജാമ്യത്തിനു വേണ്ടി സ്റ്റേഷന് മുന്നിൽ വച്ച് കൈക്കൂലി വാങ്ങുമ്പോൾ ആയിരുന്നു അറസ്റ്റ് നടന്നത്. പാലക്കാട് സ്വദേശിയായ വിനോയിയുടെ പരാതിയെ തുടർന്നാണ് വിജിലൻസ് നടപടി. ഇയാളിൽനിന്ന് 20000 രൂപ അനിൽകുമാർ കൈക്കൂലിയായി വാങ്ങിയിരുന്നു. landwaynews.com

വീണ്ടും എസ് ഐ 5000 രൂപ ആവശ്യപ്പെട്ടപ്പോഴാണ് വിനോയ് വിജിലൻസിനെ അറിയിച്ചത്. അനിൽകുമാറിനെ കുറിച്ച് വ്യാപകമായ പരാതിയുണ്ടെന്ന് വിജിലൻസ് അറിയിച്ചു.

## ശ്രീജേഷ് എന്ന് പേരുള്ളവർക്ക് പെട്രോൾ സൗജന്യമാക്കി പമ്പുടമ



**തിരുവനന്തപുരം:** ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടി കേരളത്തിന്റെ അഭിമാന താരമായ പി ആർ ശ്രീജേഷിന് ആദരസൂചകമായി തിരുവനന്തപുരത്തെ പമ്പുടമ. തിരുവനന്തപുരം കാഞ്ഞിരംപാറയിലെ ഹരേ കൃഷ്ണ ഫ്യൂവൽസ് ആണ് ശ്രീജേഷ് എന്ന പേര് ഉള്ളവർക്ക് സൗജന്യമായി ഇന്ധനം നൽകുന്നത്. landwaynews.com

കൃത്യമായ രേഖകൾ സഹിതം പമ്പിൽ എത്തുന്നവർക്ക് ആഗസ്റ്റ് 31 വരെ 101 രൂപയ്ക്കാണ് സൗജന്യമായി പമ്പുടമ ഇന്ധനം നൽകുന്നത്.

നേരത്തെ നീരജ് ചോപ്രക്ക് സ്വർണ്ണം ലഭിച്ചപ്പോൾ 501 രൂപയുടെ ഇന്ധനം ഗുജറാത്തിലെ ഒരു പെട്രോൾ പമ്പ് സൗജന്യമായി നൽകിയിരുന്നു.

# തിരുവാർപ്പ് പള്ളിയിലെ ആരാധനയ്ക്ക് പോലീസ് സംരക്ഷണം നൽകാൻ ഹൈക്കോടതി ഉത്തരവ്




**കോട്ടയം:** തിരുവാർപ്പ് മർത്തശ്മൂനി പള്ളി തുറന്ന് വികാരിക്ക് ആരാധനയ്ക്ക് പൊലിസ് സംരക്ഷണം നൽകാൻ ഹൈക്കോടതി ഉത്തരവിട്ടു. വിധി നടപ്പാക്കുന്നതിന് പൊലീസ് മേധാവി മേൽനോട്ടം വഹിക്കണം. ആറാഴ്ചക്കകം ഉത്തരവ് നടപ്പാക്കി ഹൈക്കോടതിക്ക് റിപ്പോർട്ട് നൽകണം.

മുപ്പത്തിനാലിലെ ഭരണഘടന പ്രകാരം പള്ളി ഭരിക്കപ്പെടണമെന്ന മുൻസിഫ് കോടതി ഉത്തരവ് നടപ്പാക്കണമെന്നാവശ്യപ്പെട്ട് ഓർത്തഡോക്സ് പക്ഷത്തെ വികാരി ഫാദർ എ.വി.വർഗീസ് സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റീസ് പി.വി. കുഞ്ഞികൃഷ്ണന്റെ നിർദേശം.

ആരാധനയ്ക്ക് തടസമുണ്ടാവരുതെന്നും ക്രമസമാധാന പ്രശ്നമുണ്ടാക്കുന്നവരെ അറസ്റ്റ് ചെയ്യാനും ക്രിമിനൽ കേസെടുക്കാനും കോടതി നിർദേശിച്ചു. ആരെങ്കിലും തടസമുണ്ടാക്കിയാൽ വീഡിയോയിൽ പകർത്തി ബന്ധപ്പെട്ട കോടതിക്ക് കൈമാറണം. പ്രതികൾക്കെതിരെ എടുക്കുന്ന കേസുകൾ പ്രത്യേക സംഘം രൂപീകരിച്ച് അന്വേഷിക്കണം.

കോടതിയിൽ ഹാജരാക്കുമ്പോൾ ഹൈക്കോടതിയുടെ ഉത്തരവും മജിസ്ട്രേറ്റിന് കൈമാറണമെന്നും ജാമ്യാപേക്ഷ പരിഗണിക്കുമ്പോൾ ഉത്തരവിന്റെ അന്തസത്ത പരിഗണിക്കണമെന്നും കോടതി നിർദേശിച്ചു.

ക്രമസമാധാന പ്രശ്നം പറഞ്ഞ് രണ്ട് വർഷമായിട്ടും ഉത്തരവ് നടപ്പാക്കാത്തത് നാണക്കേടാണെന്ന് കോടതി ചൂണ്ടിക്കാട്ടി. കളക്ടറുടേയും പൊലീസ് മേധാവിയുടേയും നിലപാട് ന്യായീകരിക്കാനാവില്ലെന്നും കോടതി വ്യക്തമാക്കി.

കോടതി ഉത്തരവ് നടപ്പാക്കാൻ സർക്കാർ ബാധ്യസ്തരാണെന്നും വേണ്ടത് ചെയ്യുമെന്നും സർക്കാരിന് വേണ്ടി ഹാജരായ അഡീഷ്ണൽ അഡ്വക്കറ്റ് ജനറൽ അശോക് എം.ചെറിയാൻ അറിയിച്ചു. landwaynews.com

ലാൻഡ്‌വേ ഡെയിലി ന്യൂസ് എല്ലാ പ്രഭാതത്തിലും പതുപുത്തൻ വാർത്തകളുമായി നിങ്ങളുടെ വിരൽ തുമ്പിൽ
ഒരു ദിവസത്തേക്ക് = 2 രൂപ.
ഒരു മാസത്തേക്ക് = 60 രൂപ.
ഒരു വർഷത്തേക്ക് = 730 രൂപ.
ആയുഷ്ക്കാല വരിസംഖ്യ = 30 ആയിരം രൂപ.
വരിക്കാരാകാനും, പരസ്യം നൽകുവാനും വിളിക്കേണ്ട നമ്പർ: +91 9447440441




Download now
GET IT ON Google Play
DOWNLOAD ON THE App Store
visit us: theendtimeradio.com
endtimeradio 24x7

സത്യം സമത്വം സാഹോദര്യം

LANDWAY
BRINGING YOU CLOSER TO GOD

KERALA Edition
LANDWAY NEWS
Published From Pathanamthitta | Kerala Edition
Volume No. 1 | Issue No. 225 | Page No. 4

SCAN TO READ ONLINE

www.landwaynews.com

FOR CONTACT:
Landway News,
Olive Thottathil, Thumpamon P. O,
Pathanamthitta Dist, Kerala, India
Pin - 689502

Volume No.1 • Issue No. 225 Yearly Subscription: INR 730/- • Published From Pathanamthitta • Mail: landwaynews@gmail.com • WhatsApp: +91 9447440441.

# ഒരു വീട്ടുനമ്പരിൽ രണ്ട് കുടുംബങ്ങൾക്ക് റേഷൻകാർഡിന് അപേക്ഷിക്കാം



**വീട് നിർമ്മാണം പൂർത്തിയാകാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് കെട്ടിട നമ്പർ കിട്ടാത്തവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസർ പരിശോധിച്ച് അർഹമെന്ന് ബോധ്യപ്പെട്ടാൽ റേഷൻ കാർഡ് അനുവദിക്കും.**

ഒരു വീട്ടുനമ്പരിൽ രണ്ട് കുടുംബങ്ങൾ വാടകയ്ക്ക് താമസിക്കുന്നുണ്ടെങ്കിൽ ഇരു കുടുംബങ്ങൾക്കും ഓൺലൈനായി റേഷൻ കാർഡിന് അപേക്ഷിക്കുന്നതിന് സാങ്കേതിക തടസമില്ലെന്ന് ഭക്ഷ്യമന്ത്രി ജി ആർ അനിൽ നിയമസഭയെ അറിയിച്ചു. ഒരു വീട്ടുനമ്പരിൽ രണ്ട് കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന വിവരം താലൂക്ക് സപ്ലൈ ഓഫീസറെയോ റവന്യു ഇൻസ്പെക്ടറെയോ ബോധ്യപ്പെടുത്തിയാൽ മാത്രം മതിയാകും.

ഇത്തരം കേസുകളിൽ റവന്യു ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താലൂക്ക് സപ്ലൈ ഓഫീസർക്ക് തീരുമാനം എടുക്കാമെന്നും കയ്പ്പമംഗലം എംഎൽഎ ടൈസൺ മാസ്റ്ററുടെ സബ്മിഷന് മറുപടിയായി മന്ത്രി പറഞ്ഞു. പ്രകൃതിക്ഷോഭം ഉൾപ്പെടെയുള്ള ദുരിതങ്ങളിൽപെട്ട് കാർഡ് നഷ്ടപ്പെടുന്നവർക്ക് ഡ്യൂപ്ലിക്കേറ്റ് കാർഡുകൾ നൽകിവരുന്നുണ്ട്. landwaynews.com

റേഷൻ കാർഡിന് അപേക്ഷിക്കുമ്പോൾ അപേക്ഷകന്റെ മേൽവിലാസം സ്ഥിരീകരിക്കുന്നതിന് പഞ്ചായത്ത് ഓഫീസുകളിൽ നിന്നും ലഭിക്കുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റോ, കരം അടച്ച രസീത്, ഇലക്ട്രിസിറ്റി ബിൽ, വാട്ടർ ബിൽ, ആധാർ കാർഡ്, ഇലക്ടറൽ ഐഡി, സാധുവായ വാടക കരാർ തുടങ്ങിയ 12 തിരിച്ചറിയൽ രേഖകളിൽ ഏതെങ്കിലും സമർപ്പിക്കേണ്ടതുണ്ട്. രേഖകൾ പ്രകാരമുള്ള വിലാസവും അപേക്ഷയിൽ പറയുന്ന വിലാസവും ഒന്നായിരിക്കേണ്ടതും അപേക്ഷകന്റേയോ, കാർഡിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്ന മറ്റ് മുതിർന്ന അംഗങ്ങളുടെയോ പേരിലുള്ളതോ ആയിരിക്കേണ്ടതുമാണ്.

വീട് നിർമ്മാണം പൂർത്തിയാകാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് കെട്ടിട നമ്പർ കിട്ടാത്തവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസർ പരിശോധിച്ച് അർഹമെന്ന് ബോധ്യപ്പെട്ടാൽ റേഷൻ കാർഡ് അനുവദിക്കും. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പുതിയ റേഷൻ കാർഡിനായി വീട്ടുനമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി കാർഡ് അനുവദിക്കും. ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർ ആധാർ കാർഡിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകുമെന്നും മന്ത്രി പറഞ്ഞു.

ക്രമീകൃത
ദൈവവചന പഠനം
SYSTEMATIC BIBLE STUDY



സൂം മാധ്യമത്തിലൂടെ zoom
Zoom ID: 9447440441 Passcode: LANDWAY
പ്രഗത്ഭരായ അധ്യാപകർ ക്ലാസ്സുകൾ എടുക്കുന്നു.
എല്ലാ – ഞായർ, ചൊവ്വ, വെള്ളി ദിവസങ്ങളിൽ
വൈകിട്ട് 8:00 മണി (IST) മുതൽ

LANDWAY Theological Seminary | LTS
Contact: +91 944 744 0441

## നിര്യാതരായി (OBITUARY)



**കോട്ടയം:** ഇൻഡ്യാ പെന്തെക്കോസത് ദൈവസഭ മുൻ ജനറൽ ട്രഷററും, പവർ വിഷൻ ടി.വി.ഡയറക്ടറുമായ ബ്രദർ സജി പോളിന്റെ പിതാവ് എം.എം.പൗലോസ് (90) നിര്യാതനായി. സംസ്ക്കാരം നാളെ.മക്കൾ: സജി പോൾ, ജേക്കബ് പോൾ, ബ്ലെസ്സി. landwaynews.com

**മുഹമ്മ:** പഞ്ചായത്ത് 5-ാം വാർഡ് ചാലായിൽ പത്മനാഭൻ (76) നിര്യാതനായി.ഭാര്യ: സരസമ്മ; മക്കൾ: ചന്ദ്രബാബു, ഷേർളി; മരുമക്കൾ: ബിനു, ഷാജി.

**മുതുകുളം തെക്ക്:** സീതാസിൽ കെ.വി.പ്രസന്നൻ (71) നിര്യാതനായി.ഭാര്യ: കെ.ലീലാമ്മ;മക്കൾ: മനീഷ്, സീതാലക്ഷ്മി.

**മാന്നാർ:** ഇരമത്തൂർ ഈരേശേരിൽ തറയിൽ നടരാജൻ (58) നിര്യാതനായി. ഭാര്യ: ശ്യാമള;മക്കൾ: ബിപിൻ രാജൻ, ശ്യാംരാജ്; മരുമകൾ: ബിസ്മി.

**കലഞ്ഞൂർ:** പറയംകോട് സുജിൻ നിവാസിൽ സോമൻ(62) നിര്യാതനായി. സംസ്ക്കാരം കഴിഞ്ഞു. ഭാര്യ: വിനീത; മക്കൾ: സുജിൻ, സുബിൻ. landwaynews.com

**കോടുകുളഞ്ഞി കരോട്:** ചിറയുടെ പടിഞ്ഞാറ്റെക്കര മണിക്കുട്ടൻ (49) നിര്യാതനായി. സംസ്ക്കാം പിന്നീട്. ഭാര്യ: ഓമന;മകൾ: മഹിമ. landwaynews.com

**കുന്നന്താനം:** വായ്പ്പനാരിൽ ശാലോം വില്ലയിൽ സ്കറിയ ഈപ്പൻ (66) നിര്യാതനായി. സംസ്ക്കാരം പിന്നീട്. ഭാര്യ: സാറാമ്മ; മക്കൾ: സാം, സബീന. landwaynews.com

## വോട്ടർ പട്ടിക പുതുക്കൽ നവംബർ ഒന്നിന് ആരംഭിക്കും

**2022** വർഷത്തേയ്ക്കുള്ള പ്രത്യേക സംക്ഷിപ്ത സമ്മതിദായക പട്ടിക പുതുക്കൽ പ്രക്രിയ നവംബർ ഒന്നിന് ആരംഭിക്കും. 2022 ജനുവരി ഒന്നിനോ അതിനു മുമ്പോ 18 വയസ് പൂർത്തിയാകുന്ന അർഹരായ എല്ലാ പൗരൻമാർക്കും സമ്മതിദായക പട്ടികയിൽ പേര് ചേർക്കുന്നതിനും നിലവിലുള്ള സമ്മതിദായകർക്ക് പട്ടികയിലെ വിവരങ്ങൾ നിയമാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും അവസരം ലഭിക്കും. landwaynews.com

കരട് സമ്മതിദായക പട്ടികയിലുള്ള അവകാശങ്ങൾ/ എതിർപ്പുകൾ നവംബർ ഒന്നു മുതൽ 30 വരെ ഉന്നയിക്കാം. അപേക്ഷകളെല്ലാം വെബ്സൈറ്റിലൂടെ ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. കരട് സമ്മതിദായക പട്ടിക മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽലഭ്യമാകും. കരട് സമ്മതിദായക പട്ടികയിലുള്ള അവകാശങ്ങളും എതിർപ്പുകളും ഉൾപ്പെട്ട ലിസ്റ്റ് അതത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ (തഹസിൽദാർ) നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കും. ഇതിന്റെ പകർപ്പ് അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് നൽകും. ലിസ്റ്റ് പ്രദർശിപ്പിച്ച് ഏഴ് ദിവസങ്ങൾക്കുശേഷം പരാതികളും അവകാശങ്ങളും തീർപ്പ് കൽപ്പിക്കും.

2022 ജനുവരി അഞ്ചിന് അന്തിമ സമ്മതിദായക പട്ടിക പ്രസിദ്ധീകരിക്കും.

## മകന് 10 വർഷം കഠിന തടവും ഒരു ലക്ഷം രൂപ പിഴയും

**ബ**ലാത്സംഗ ശ്രമത്തിനിടെ അമ്മയെ കൊലപ്പെടുത്തിയെന്ന കേസിൽ മകന് 10 വർഷം കഠിന തടവും ഒരു ലക്ഷം രൂപ പിഴയും ശിക്ഷ വിധിച്ച് കോടതി.

നിലമ്പൂർ പോത്ത് കല്ല് സ്വദേശി പെരിങ്കനത്ത് രാധാമണി കൊല്ലപ്പെട്ട കേസിലാണ് മകൻ പ്രജിത് കുമാറിനെ കോടതി ശിക്ഷിച്ചത്. അതേസമയം പിഴയടച്ചില്ലെങ്കിൽ 6 മാസം കൂടി തടവ് ശിക്ഷ അനുഭവിക്കേണ്ടിവരും. മഞ്ചേരി അഡി. ജില്ലാ സെഷൻസ് കോടതിയാണ് വിധി പറഞ്ഞത്. 2017 ഏപ്രിൽ 10 നായിരുന്നു കേസിനാസ്പദമായ സംഭവം. ബലാത്സംഗ ശ്രമത്തിനിടെ അമ്മയെ കൊലപ്പെടുത്തിയെന്നായിരുന്നു പ്രതിക്കെതിരായ കേസ്. landwaynews.com






Published and owned by Santhosh Pandalam, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.